# കുട്ടികൾക്കായുള്ള ബൈബിൾ

## അവതരണം



# ദൈവാലയത്തിലെ ഒരു നേതാവ് യേശുവിനെ സന്ദർശിക്കുന്നു

എഴുതിയത് : Edward Hughes
ഉദാഹരണം : Byron Unger; Lazarus
അംഗികരിച്ചത് : M. Maillot; Sarah S.

Alastair Paterson

തർജ്ജിമ ചെയുതത് : Rev. Benny
നിർമ്മിച്ചത് : Bible for Children

www.M1914.org

BFC
PO Box 3
Winnipeg, MB R3C 2G1
Canada

©2022 Bible for Children, Inc.
കോപ്പിചെയുവാനും മുദ്രണം ചെയുവാനും അധികാരം ഉണ്ട്.
ഒരിക്കലും വിൽക്കരുത്.

ഒരു ദിവസം യേശു ദൈവാലയത്തിൽ ചെന്നപ്പോൾ, ദൈവത്തിന്റെ ആലയത്തെ ജനങ്ങൾ ആദരിക്കാതിരിക്കുന്നത് കു. ആ ദെവാലയത്തിനുള്ളിൽ അവർ കന്നുകാലി കച്ചവടം നടത്തുകയും പണം മറിച്ച് വിൽക്കയും ചെയ്യുന്നത് കു.



“ഈ സാമാനങ്ങളെല്ലാം ഇവിടെനിന്നു പുറത്താക്കുവിൻ. എന്റെ പിതാവിന്റെ വാസസ്ഥലത്തെ വാണിഭശാല ആക്കരുത്,” യേശു കല്പിച്ചു. തന്റെ ഭവനത്തെ യേശു സ്നേഹിച്ചു. ഒരു ചാട്ട ഉ ാക്കി അവൻ കച്ചവടക്കാരെ ആലയത്തിനു പുറത്താക്കി.





ഈ ആലയം
ശുദ്ധീകരിക്കുവാൻ
യേശുവിന്
അധികാരം ഉന്നെ്
തെളിയിക്കുവാൻ
ഒരു അടയാളം
കാണിക്കുകയെന്ന്
നേതാക്കന്മാർ
യേശുവിനോട്
ആവശ്യപ്പെട്ടു. “ഈ മന്ദിരം
പൊളിപ്പിൻ, ഞാൻ ഇതിനെ
മൂന്നു ദിവസംകൊ്
പണിയും” എന്നാണ് യേശു
മറുപടി പറഞ്ഞത്.
അസാദ്ധ്യം!
നാല്പത്തിയാറ് വർഷങ്ങൾകൊ് പണിതതാണ് ഈ മന്ദിരം.

എന്നാൽ യേശു തന്റെ
ശരീരത്തെക്കുറിച്ചായിരുന്നു പറഞ്ഞത്.
ഈ മന്ദിരംപോലെ തന്റെ ശരീരവും
ദൈവത്തിന്റെ വാസസ്ഥലമാണ്.
തനിക്ക് ക്രൂശിൽ
മരിക്കേിവരുമെങ്കിലും മൂന്നാം ദിവസം
ദൈവം തന്നെ മരണത്തിൽനിന്ന്
ഉയിർത്തെഴുന്നേല്പിക്കും
എന്ന് യേശു
അറിഞ്ഞിരുന്നു.





രാത്രിയിൽ,
ദൈവാലയത്തിലെ ഒരു
നേതാവ് യേശുവിനെ
സന്ദർശിക്കാനെത്തി.
യേശു ദൈവത്താൽ
അയയ്ക്കപ്പെട്ടവനാണെന്ന്
അത്ഭുതങ്ങളാൽ താൻ
അറിഞ്ഞിരുന്നു.
ദൈവത്തെക്കുറിച്ച്
കൂടുതൽ
അറിയുവാനാണ്
നിക്കൊദെമൊസ്
യേശുവിന്റെ
അടുക്കൽ
വന്നത്.



ദൈവരാജ്യത്തിൽ
കടക്കണമെങ്കിൽ ജനങ്ങൾ
വീണ്ടും ജനനം
പ്രാപിക്കണമെന്ന് യേശു
നിക്കൊദെമൊസിനോട്
പറഞ്ഞു.
നിക്കൊദെമൊസിന്
അത് മനസ്സിലായില്ല.
വളർന്ന് വലുതായ
മനുഷ്യൻ പിന്നെയും
എങ്ങനെയാണ് ഒരു
ശിശുവായിത്തീരുന്നത്?
കൂടാതെ അവൻ
മതഭക്തനുമായിരുന്നു.
ഇത്രയും ധാരാളമല്ലേ?



യേശു അവനോട്
വിശദീകരിച്ചു പറഞ്ഞു,
“ആത്മാവിനാൽ
ജനിച്ചത് ആത്മാവ്
ആകുന്നു.
ദൈവത്തിന്റെ ആത്മാവ്
കാറ്റുപോലെ ആകുന്നു.
മനുഷ്യർ കാറ്റിനെ
കാണുകയോ
ഗ്രഹിക്കുകയോ
ചെയ്യുന്നില്ല. കാറ്റു
വീശുന്നത് മാത്രമേ
അവർ കാണുന്നുള്ളു.”



കാലങ്ങൾക്കുമുമ്പ് യിസ്രായേൽ ജനത മോശെയോട് പരാതിപ്പെടുന്നതിനെക്കുറിച്ച് യേശു നിക്കൊദെമൊസിനെ ഓർപ്പിച്ചു. അവർ മുറവിളി കൂട്ടി. “ഞങ്ങൾക്ക് തിന്മാൻ ഒന്നുമില്ല, വെള്ളമില്ല, ദൈവം തരുന്ന ഈ അപ്പം ഞങ്ങൾ വെറുക്കുന്നു.”

മനുഷ്യരുടെ പാപം
ദൈവത്തിന്റെ കോപത്തെ ഉണർത്തി.
അഗ്നിനാവുള്ള സർപ്പത്തെ അവൻ
അയച്ചു. സർപ്പം അവരെ കടിച്ചു.
ധാരാളം പേർ മരിച്ചു.



“ഞങ്ങൾ പാപം ചെയ്തിരിക്കുന്നു. ഈ സർപ്പങ്ങളെ തിരിച്ചെടുക്കേതിന് ദൈവത്തോട് പ്രാർത്ഥിക്കുക” എന്ന് അവർ മോശെയോട് കേണപേക്ഷിച്ചു. അങ്ങനെ മോശെ അവർക്കുവേി പ്രാർത്ഥിച്ചു. എന്നാൽ ദൈവം സർപ്പങ്ങളെ തിരിച്ചെടുത്തില്ല.





ഒരു അഗ്നിസർപ്പത്തെ ഉാക്കി
മരത്തിൽ തൂക്കിയിടുവാൻ ദൈവം
മോശെയോട് പറഞ്ഞു. “സർപ്പത്തിന്റെ
കടിയേറ്റവർ മരത്തിൽ തൂക്കിയ സർപ്പത്തെ
നോക്കിയാൽ ജീവനോടിരിക്കും.” ദൈവം
വാഗ്ദത്തം ചെയ്തു. മോശെ താമ്രം കൊ്
ഒരു സർപ്പത്തെ ഉാക്കുകയും അതിനെ
നോക്കിയവർ സൗഖ്യമാകയും ചെയ്തു.


ആ താമ്രസർപ്പത്തെപ്പോലെ
മനുഷ്യപുത്രനും
ഉയർത്തപ്പെടേതാകുന്നു
എന്ന് യേശു
നിക്കോദെമൊസിനോട്
പറഞ്ഞു. പാപികൾക്കുവേ
താൻ മരിക്കാൻ പോകുന്ന
ക്രൂശിനെക്കുറിച്ചാണ്
യേശു പറഞ്ഞത്.



“തന്റെ ഏകജാതനായ പുത്രനിൽ
വിശ്വസിക്കുന്ന ഏവനും
നശിച്ചുപോകാതെ നിത്യജീവൻ
പ്രാപിക്കേതിന് ദൈവം
അവനെ നല്കുവാൻ
തക്കവണ്ണം ലോകത്തെ
സ്നേഹിച്ചു.” യേശു
പറഞ്ഞു.


യേശുവിൽ
വിശ്വസിക്കുന്നവനെല്ലാം
ദൈവത്തിന്റെ
കുടുംബത്തിൽ
ജനിച്ചവനാണെന്നാണ്
ഇതിന്റെ
അർത്ഥം.

ആ രാത്രിയിൽത്തന്നെ നിക്കൊദെമൊസ് യേശുവിന്റെ ശിഷ്യൻ ആയിത്തീർന്നില്ലായിരിക്കാം. എന്നാൽ ചില വർഷങ്ങൾ കഴിഞ്ഞപ്പോൾ ക്രൂശിക്കപ്പെട്ട ദൈവപുത്രന്റെ ശവസംസ്കാരത്തിൽ സഹായിച്ചുകൊ് താൻ യേശുവിൽ വിശ്വസിക്കുകയും യേശുവിനെ സ്നേഹിക്കുകയും ചെയ്യുന്നുവെന്ന് തെളിയിച്ചു.



യേശുവും തന്റെ ശിഷ്യന്മാരും അവിടെനിന്ന് വടക്കോട്ട് യാത്രചെയ്യുവാൻ തയ്യാറായി. ദൈവപുത്രനായ നസ്രായനായ യേശുവിൽ വിശ്വസിക്കുവാനും ദൈവരാജ്യത്തെക്കുറിച്ച് കേൾക്കുവാനും മറ്റുള്ളവർക്കും അവസരം ഉാകണമല്ലോ.



ദൈവാലയത്തിലെ ഒരു നേതാവ് യേശുവിനെ സന്ദർശിക്കുന്നു

ദൈവവചനത്തിൽ നിന്നും ഒരു കഥ.

ബൈബിളിൽ നിന്നുംഎടുത്തത്.

യോഹന്നാൻ 2–3, സംഖ്യ 21

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കിർത്തനം 119:130

# അവസാനം

അദ്ഭുദവനായ ദൈവം നമ്മളെ സൃഷ്ടിച്ചുവെന്നും
നാം ദൈവത്തെ അറിയണമെന്നും ബൈബിൾ പറയുന്നു.

നാം തെറ്റുകാർ ആണെന്ന് ദൈവത്തിനറിയാം അതിനെ പാപമെന്ന് വിളിക്കുന്നു
പാപത്തിനുള്ള ശിക്ഷ മരണമാണ് .എന്നാൽ ദൈവം നമ്മളെ സ്നേഹിച്ചതുകൊണ്ട്
തന്റെ മകനായ യേശുവിനെ നമ്മുടെ പാപങ്ങൾക്ക് വേണ്ടി ക്രൂശിൽ മരിക്കേണ്ടതിന്
ഈ ലോകത്തിലേക്ക് അയച്ചു യേശു മരണത്തിൽനിന്നും ഉയിർത്തെഴുന്നേറ്റു
സ്വർഗ്ഗത്തിൽ പോയി. യേശുവിൽ വിശ്വസിക്കുകയും. നമ്മുടെ പാപങ്ങൾ
ഏറ്റുപറയുകയും ചെയ്താൽ നമ്മുടെ പാപങ്ങളെ ക്ഷമിച്ച് യേശു നമ്മുടെ ഹൃദയത്തിൽ
വസിക്കുകയും നാം അവനിലും നിരന്തരം വസിക്കുകയും ചെയ്യും.

ഇത് നിങ്ങൾ വിശ്വസിക്കുന്നു എങ്കിൽ ദൈവത്തോട് ഈപ്രകാരം പറയുക

പ്രിയ യേശുവേ നീ ദൈവമാണെന്നു ഞാൻ വിശ്വസിക്കുന്നു, എന്റെ പാപങ്ങൾക്കായി
മരിപ്പാൻ മനുഷ്യനായി നീ വന്നു. നീ ഇപ്പോഴും ജീവിക്കുന്നു എന്റെ ഹൃദയത്തിലേക്ക്
വന്നു എന്റെ പാപങ്ങൾ ക്ഷമിക്കേണമേ എനിക്ക് പുതിയൊരു ജീവിതം തരേണമേ.
ഒരു ദിവസം നിന്നോട് കൂടെ ഞാൻ നിരന്തരം ആയിരിക്കും നിനക്ക് വേണ്ടി
ജീവിപ്പാനും, അനുസരിപ്പാനും നിന്റെ മകനായിരിപ്പനും സഹായിക്കേണമേ,
ആമേൻ.

എല്ലാദിവസവും ബൈബിൾ വായിക്കുകയും ദൈവത്തോട് സംസാരിക്കുകയും ചെയുക.
യോഹന്നാൻ 3:16